# പോലീസ് വകുപ്പ്

# കേരളം

**No. B1-26621/2022/KAP-IV**
കേരള ആംഡ് പോലീസ് ബറ്റാലിയൻ-IV ,
കണ്ണൂർ
✉cmdtkap4.pol@kerala.gov.in
✆04972781316
തീയതി. 03-02-2023

**<u>പുനർ ലേല പരസ്യം</u>**

കെ എ പി നാലാം ബറ്റാലിയന്റെ അധീനതയിലുള്ള ഭൂമിയിലെ കശുമാവുകളിൽ നിന്നും 2023 ജനുവരി മാസം മുതൽ 2023 ജൂൺ വരെയുള്ള കാലയളവിൽ കശുവണ്ടി ശേഖരിക്കുന്നതിനുള്ള അവകാശം 07-02-2023 തീയതി 11.30 മണിക്ക് കെ എ പി നാലാം ബറ്റാലിയൻ ആസ്ഥാനത്ത് വെച്ച് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരസ്യമായി പുനർലേലം ചെയ്യുന്നതാണ്.

നിബന്ധനകൾ

(1) പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരത ദ്രവ്യമായി 1000/- രൂപ ലേല ദിവസം രാവിലെ ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കാൻ താൽപര്യം ഉള്ളവർ അവരുടെ തിരിച്ചറിയൽ മേൽവിലാസം തെളിയിക്കുന്ന രേഖകൾ ലേലം തുടങ്ങുന്നതിന് മുൻപ് തന്നെ ലേലം നടത്തുന്ന ഉദ്യോഗസ്ഥരെ കാണിച്ചു ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

(2) ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സമ്മതത്തോട് കൂടി ലേല ദിവസത്തിന് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 നും, വൈകീട്ട് 05 നും ഇടയ്ക്കുള്ള സമയങ്ങളിൽ ബന്ധപ്പെട്ട ഓഫീസറുടെ സാന്നിധ്യത്തിൽ ലേലം ചെയ്യുന്നവ പരിശോധിക്കാവുന്നതാണ്. പരിശോധിക്കുവാൻ വരുന്നവർ തിരിച്ചറിയൽ രേഖ കൈവശം കരുതേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.

(3) സീൽ വെച്ച ദർഘാസുകൾ നല്കുവാൻ താൽപര്യം ഉള്ളവർ നിരത ദ്രവ്യം കെ എ പി നാലാം ബറ്റാലിയൻ ഓഫീസിൽ ഒടുക്കിയ രസീതി അടക്കം, കമാണ്ടന്റ്, കെ എ പി നാലാം ബറ്റാലിയൻ, മാങ്ങാട്ടുപറമ്പ,കണ്ണൂർ ജില്ല - 670567 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ കിട്ടത്തക്കവണം അയക്കേണ്ടതാണ്.

4) ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം / ദർഘാസ് കൊള്ളുന്ന വ്യക്തിക്ക് ലേലം/ദർഘാസ് താൽകാലികമായി ഉറപ്പിക്കുന്നതും, ലേലം കൊള്ളുന്ന വ്യക്തി നിരത ദ്രവ്യം ഒഴിച്ചുള്ള ലേലത്തുകയും, ആകെ ലേല തുകയുടെ 5% ജിഎസ്ടിയും ബറ്റാലിയൻ കാഷ്യർ വശം അടച്ച് രസീതി കൈപ്പറ്റേണ്ടതാണ്.

5) ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞയുടനെ തന്നെ തിരിച്ചു നൽകുന്നതാണ്.

6) ലേലത്തിന് ശേഷം ലേലം കൊണ്ടയാൾക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെൻറ് യാതൊരു വിധത്തിലും ഉത്തരവാദിയാകുന്നതല്ല.

7) മേൽ പ്രസ്താവിച്ച ലേലവ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം അസ്ഥിരപ്പെടുത്തുന്നതും, പുനർ ലേലം ചെയ്യുന്നതുമായിരിക്കും. അപ്രകാരം നടത്തുന്ന പുനർലേലത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും, മറിച്ച് ലാഭമാണ് ഉണ്ടാകുന്നതെങ്കിൽ ആയതിനു മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

(8) യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റിവെക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം കെ എ പി നാലാം ദളം കമാണ്ടന്റിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേല നടപടികൾക്കും ബാധകമായിരിക്കും.



വിഷ്ണു പ്രതീപ് ടി കെ ഐ പി എസ്
കമാണ്ടൻറ്

സ്വീകർത്താവ് : ബോർഡ് അംഗങ്ങൾക്ക് അറിവിലേക്കും, തുടർ നടപടികൾക്കുമായും അയക്കുന്നു.

പകർപ്പ് : 1) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, കമ്മീഷണർമാർക്കും അറിവിലേക്കും പരസ്യത്തിനുമായി 2) മുൻസിപ്പൽ സെക്രട്ടറി, തളിപറമ്പ് നഗരസഭ, 3) മുൻസിപ്പൽ സെക്രട്ടറി, ആന്തൂർ നഗരസഭ, 4) സെക്രട്ടറി, കല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് 5) വില്ലേജ് ഓഫീസർ കല്യാശ്ശേരി, 6)കെ എ പി നാലാം ദളം ഡെപ്യൂട്ടി കമാണ്ടന്റ്, എല്ലാ അസി കമാണ്ടന്റ് മാർക്കും ,എല്ലാ കമാണ്ടിംഗ് ഓഫീസർമാർക്കും ആവശ്യമായ പരസ്യത്തിനായി. 7)കെ എ പി നാലാം ദളം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, മാനേജർ, കമാണ്ടന്റിന്റെ സി എ, കാഷ്യർ എന്നിവർക്ക് അറിവിലേക്കും തുടർ നടപടികൾക്കുമായും അയക്കുന്നു. ഓഫീസ് നോട്ടീസ് ബോർഡ്,